വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ, ബി) കയർ വ്യവസായ പുനഃസംഘടനാ പദ്ധതി എന്ന ഒരു പ്രത്യേക പദ്ധതിയില്ല.

ഓല മേഞ്ഞ വീടുകൾ ഓട് മേയാൻ പദ്ധതി

*342. [368] ശ്രീ. പി. വി. മുഹമ്മദ് :
,, നാലകത്ത് സൂപ്പി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. സീതിഹാജി :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓല മേഞ്ഞ വീടുകളുടെ മേൽക്കൂര നന്നാക്കി ഓട് മേയുന്നതിന് വേണ്ട നിർമ്മാണ ബോർഡിന് എന്തെങ്കിലും പദ്ധതി ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ നടപ്പു സാമ്പത്തിക വർഷം ഇത്തരം എത്ര വീടുകൾ ആണ് ഓട് മേയാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനകം എത്ര വീടുകൾ ഓട് മേഞ്ഞു ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ, ബി, സി) ഇപ്പോൾ നിലവിലില്ല. എന്നാൽ അത്തരം ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം ആലോചിച്ചുവരുന്നു. ദുർബല വിഭാഗങ്ങൾക്കുവേണ്ടി 10,000 വീടുകൾ ഓടുമേയുന്ന പദ്ധതിയാണ് ആലോചനയിലുള്ളത്.

പൊന്നുംവില ക്ലിപ്തപ്പെടുത്തുന്നതിനുള്ള ഓഫീസുകൾ

*343. [369] ശ്രീ. കെ. മുഹമ്മദാലി :
,, കെ. കെ. ശ്രീനിവാസൻ :
,, കെ. കെ. തോമസ് :
,, കെ. സി. ജോസഫ് :
,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നുംവില ക്ലിപ്തപ്പെടുത്തുന്നതിന് ഇപ്പോൾ എത്ര ഓഫീസുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു ;

(ബി) ഏതെല്ലാം പദ്ധതിക്കുവേണ്ടിയാണ് ഈ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നത് ;

(സി) ഈ ഓഫീസുകളുടെ ചെലവുകൾ കേന്ദ്ര ഗവൺമെന്റാണോ വഹിക്കുന്നത് ;

(ഡി) ഏതെല്ലാം സ്കീമുകളുടെ പൊന്നുംവില നടപടികൾ പൂർത്തിയായി ;

(ഇ) പ്രത്യേക ഓഫീസും സ്റ്റാഫും ഉണ്ടായിട്ടും നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ടി. ജോസഫ്) :

(എ) പൊന്നുംവില ക്ലിപ്തപ്പെടുത്തുന്നതിന് സംസ്ഥാനത്ത് ഇപ്പോൾ എഴുപത് സ്പെഷ്യൽ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ താലൂക്ക് തഹശീൽദാർമാരും റവന്യൂ ഡിവിഷണൽ ഓഫീസർമാരും പൊന്നുംവില ക്ലിപ്തപ്പെടുത്തുന്ന ജോലികൾ ചെയ്ത് വരുന്നുണ്ട്.

(ബി) പ്രധാനമായും താഴെ പറയുന്ന പദ്ധതികൾക്കുവേണ്ടിയാണ് പൊന്നുംവില ആഫീസുകൾ പ്രവർത്തിക്കുന്നത്.

1. ജലസേചന പദ്ധതികൾ (കല്ലട, പമ്പാ, മൂവാറ്റുപുഴ വാലി, പെരിയാർവാലി, കുറ്റ്യാടി ഇറിഗേഷൻ മുതലായവ)
2. നാഷണൽ ഹൈവേ.
3. റെയിൽവേ
4. ഹൗസിംഗ് ബോർഡ്
5. നേവൽ അക്കാഡമി
6. കേരള ലാൻഡ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ
7. മുൻസിപ്പാലിറ്റി
8. കോർപ്പറേഷൻ
9. നഗരവികസന അതോറിറ്റി
10. പി. ഡബ്ല്യു. ഡി.
11. വാട്ടർ അതോറിറ്റി
12. മിനറൽസ് ആൻറ് മെറ്റൽസ്
13. ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ഏരിയ
14. ഇലക്ട്രിസിറ്റി ബോർഡ്
15. ഇൻഡ്യൻ റെയർ എർത്ത്സ്

(സി) കേന്ദ്ര ഗവൺമെൻറിൻറെ പദ്ധതികൾക്കായി പ്രവർത്തിക്കുന്ന പൊന്നുംവില ആഫീസുകളുടെ ശമ്പളച്ചെലവുകൾ കേന്ദ്ര ഗവൺമെൻറാണ് വഹിക്കുന്നത്. എന്നാൽ ഇതര പൊന്നുംവില ആഫീസുകളുടെ ചെലവ് വഹിക്കുന്നത് സംസ്ഥാന ഗവൺമെൻറിലെ ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറുകളാണ്.

(ഡി) ബി വിഭാഗം ഉത്തരത്തിൽ പ്രസ്താവിച്ചിരിക്കുന്ന പൊന്നുംവില ഓഫീസുകൾ കൈകാര്യം ചെയ്യുന്ന പദ്ധതികൾ സംബന്ധിച്ച് പൊന്നുംവില നടപടികൾ ഭാഗികമായി പൂർത്തിയായിട്ടുണ്ട്.

(ഇ) പൊന്നുംവിലയ്ക്ക് സ്ഥലം എടുക്കുമ്പോൾ നിയമപ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസവും സർവ്വെ സബ്ഡിവിഷൻ ജോലികളിൽ ഉണ്ടാകുന്ന താമസവും, സർക്കാരും കോടതികളും പുറപ്പെടുവിക്കുന്ന സ്റ്റേ ഓർഡറുകളും മറ്റു കോടതി നടപടികളും, ഡിപ്പാർട്ടുമെൻറിൽനിന്നും ഫണ്ട് കിട്ടുന്നതിനുള്ള കാലതാമസവും പൊന്നുംവില നടപടി പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly